## അസിസ്റ്റന്റ്എൻജിനിയറുടെകാര്യാലയം

## LID & EW സെക്ഷൻ അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്

### ക്വട്ടേഷൻ നോട്ടീസ്

അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യത്തിനായി 5 സീറ്റിങ് കപ്പാസിറ്റി കാർ (സെഡാൻ ) എസ് യു വി ജീപ്പ് മുതലായവ ഡ്രൈവർ സഹിതം പ്രതിമാസ വാടകയ്ക്ക് നൽകുവാൻ തയ്യാറുള്ളവരിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു . വിശദവിവരങ്ങൾ താഴെ ചേർക്കുന്നു .

ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി 24/102026 4.00 pm

ക്വട്ടേഷൻ തുറന്ന് പരിശോധന തീയതി : 24/10/2026 4.30 pm

ക്വട്ടേഷൻ സമർപ്പിക്കേണ്ട മേൽവിലാസം : അസിസ്റ്റന്റ് എഞ്ചിനീയർ<br>എൽ . ഐ . ഡി & ഇ ഡബ്ല്യൂ സെക്ഷൻ<br>അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്<br>അരൂക്കുറ്റി PO

**നിരതദ്രവ്യം : 3000/-**

**നിബന്ധനകൾ**

1 പ്രതിമാസം 2000 കി . മീ ദൂരംസഞ്ചരിക്കുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് . അധികരിച്ചുവരുന്ന കിലോമീറ്റർ 3 മാസക്കാലത്തേയ്ക്കു ഓടുന്നതിൽ 3600 കി . മീ അധികരിക്കുമ്പോളാരിക്കും

2) ക്വട്ടേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് 7 ദിവസത്തിനകം 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ വെക്കേണ്ടതാണ്.

3) ടാക്സുകളും ഡ്യൂട്ടികളും ഉൾപ്പെടെയുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത് കൂടാതെ വാഹനത്തിന്റെ ഇന്ധന ചെലവ് , മെയിന്റനൻസ് , ഡ്രൈവറുടെ വേതനം , അലവൻസുകൾ എന്നിവ വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.

4) മോട്ടോർ വാഹന നിയമപ്രകാരം രജിസ്റ്റർ ചെയ്ത വാഹനമായിരിക്കണം . വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ എല്ലാം രേഖകളും ഉണ്ടായിരിക്കണം വാഹനത്തിന്റെ ആർ സി ബുക്ക് ഇൻഷുറൻസ് ,

ടാക്സി പെർമിറ്റ് വാഹന ഉടമയുടെ തിരിച്ചറിയൽ കാർഡ്,PAN കാർഡ്, എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5) കരാർ കാലയളവിൽ യാതൊരുവിധത്തിലുള്ള നിരക്ക് വർധനവും അനുവദിക്കുന്നതല്ല.

6) അവധി ദിവസം ഉൾപ്പടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

7) വാഹനത്തിന് ഏന്തെങ്കിലും തകരാർ സംഭവിക്കുകയാണെങ്കിൽ വാഹന സംവിധാനം വാഹനയുടമ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

8) വാഹനത്തിന് ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും യാത്രയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

9) ക്വട്ടേഷനുകൾ സംബന്ധിച്ച അന്തിമ തീരുമാനം ഗ്രാമപഞ്ചയത്ത് കമ്മറ്റിയുടെതായിരിക്കും.

10) നോട്ടീസിനോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ ആയിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

11) ഓഫീസിൽ നിന്നും പുറപ്പെട്ടു ഓഫിസിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിനു പരിഗണിക്കുക.

12) ക്വട്ടേഷൻ അഗീകരിച്ച വ്യക്തി ക്വട്ടേഷൻ തുകയുടെ 3% സെക്യൂരിറ്റി ഡിപ്പോസിറ് ഹാജാരാകേണ്ടതാണ്

13) ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെവന്നാൽ വാഹന ഉടമയുടെ കരാർ 7 ദിവസം മുമ്പ് നോട്ടീസ് നൽകി റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

## <u>മറ്റു വിവരങ്ങൾ</u>

1.കോട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് **<u>വാഹനം കരാർ അടിസ്ഥാനത്തിൽ നൽകാനുള്ള ക്വോട്ടേഷൻ</u>** എന്ന് രേഖപ്പെടുത്തിയിരിക്കണം

2.അസിസ്റ്റന്റ് എഞ്ചിനീയർ എൽ.ഐ.ഡി&ഇ.ഡബ്ല്യു അസിസ്റ്റന്റ് എഞ്ചിനീയർ എൽ . ഐ . ഡി & ഇ ഡബ്ലൂ സെക്ഷൻ അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്

അരൂക്കുറ്റി PO ചേർത്തല എന്ന വിലാസത്തിൽ കോട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്.

. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ എൽ . ഐ . ഡി & ഇ ഡബ്ല്യൂ സെക്ഷൻ അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്

അസിസ്റ്റന്റ്എഞ്ചിനീയർ

എൽ . ഐ . ഡി & ഡബ്ല്യൂസെക്ഷൻ

അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്

അരൂക്കുറ്റി PO

ASSISTANT ENGINEER LID&EW SECTION OFFICE AROOKUTTY GP

പകർപ്പ് : 1. സെക്രട്ടറി അരൂക്കുറ്റി പഞ്ചായത്ത്

2. നോട്ടീസ് ബോർഡ് എ .ഇ .എൽ എസ് . ജി .ഡി ഓഫീസ്

3 . ഫയൽ